# കുടുംബശ്രീ വഴിയുള്ള മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ കുടുംബശ്രീ സി.ഡി.എസ്സുകൾക്ക് അനുവദിക്കുന്ന മൈക്രോ ക്രെഡിറ്റ് വായ്പയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രാഥമിക അപേക്ഷ ഫാറം കോർപ്പറേഷന്റെ www.ksbcdc.com എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

2) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നി ഏജൻസികളുടെ ഫണ്ട് വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

3) <u>പരമാവധി വായ്പ തുക</u>

| | |
|---|---|
| ഒരു സി.ഡി.എസ്സിന് | – 1 കോടി രൂപ വരെ |
| ഒരു JLG–ക്ക് | – 2.50 ലക്ഷം രൂപ വരെ |
| ഒരു അയൽക്കൂട്ടത്തിന് | – 5 ലക്ഷം രൂപ വരെ |
| ഒരു വ്യക്തിയ്ക്ക് | – 50,000/– രൂപ വരെ |

**കോർപ്പറേഷനിൽ നിന്നും ഇതിന് മുൻപ് മൈക്രോ ക്രെഡിറ്റ് വായ്പ എടുത്തിട്ടുള്ള സി.ഡി.എസ്./ JLG/ അയൽക്കൂട്ടം/വ്യക്തികൾ എന്നിവർക്കും പുതിയ വായ്പയ്ക്ക് അർഹതയുണ്ട്. സി.ഡി.എസ്സ്–ന് മേൽ പറഞ്ഞ പ്രകാരം അനുവദനീയമായ പരമാവധി വായ്പാതുകയിൽ നിന്നും നാളിതുവരെ ലഭിച്ച വായ്പയുടെ തിരിച്ചടയ്ക്കാൻ മുതൽ ഇനത്തിൽ ബാക്കിനിൽക്കുന്ന സംഖ്യ കുറച്ചുള്ള തുക മാത്രമേ ഇനി ലഭിക്കുകയുള്ളു. JLG/ അയൽക്കൂട്ടം/വ്യക്തികൾ എന്നിവർക്ക് ഒരു വായ്പയുടെ തിരിച്ചടവ് പൂർത്തീകരിച്ച ശേഷമേ തുടർ വായ്പയ്ക്ക് അർഹതയുള്ളു.**

4) ഒരു അയൽക്കൂട്ടത്തിന് അനുവദിക്കാവുന്ന പരമാവധി വായ്പാ തുക അയൽക്കൂട്ടത്തിന്റെ മിച്ച സമ്പാദ്യത്തിന്റെ (thrift) 5 ഇരട്ടിയിൽ നിന്നും നിലവിലുള്ള കടബാധ്യത കുറച്ചാൽ കിട്ടുന്ന തുകയിൽ കൂടാൻ പാടുള്ളതല്ല. കടബാധ്യത കണക്കാക്കുന്നതിന് അയൽക്കൂട്ടത്തിന്റെ മിച്ച സമ്പാദ്യത്തിൽ നിന്നുള്ള ആന്തരിക വായ്പ (internal leding) പരിഗണിക്കേണ്ടതില്ല. JLG യുടെ മിച്ച സമ്പാദ്യം കണക്കാക്കുന്നതിന് JLG അംഗങ്ങൾക്ക് അംഗത്വമുള്ള അയൽക്കൂട്ടത്തിലെ അവരവരുടെ സമ്പാദ്യത്തിന്റെ ആകെ തുക പരിഗണിക്കുന്നതാണ്.

5) <u>പലിശ നിരക്ക്</u>

| | |
|---|---|
| സി.ഡി.എസ്. | – 2.50 മുതൽ 3.50 % വരെ |
| അയൽക്കൂട്ടം / JLG / വ്യക്തിഗത ഗുണഭോക്താവ് | – 4 മുതൽ 5 % വരെ |

6) തിരിച്ചടവ് കാലാവധി – 36 മാസം

7) തെരഞ്ഞെടുക്കപ്പെടുന്ന അയൽക്കൂട്ടങ്ങളിലെ അംഗ സംഖ്യ 10–ൽ താഴെയാകാനോ 20–ൽ കൂടുവാനോ പാടുള്ളതല്ല. JLG യുടെ അംഗ സംഖ്യ 4– ൽ താഴെയാകാനോ 10–ൽ കൂടുവാനോ പാടുള്ളതല്ല.

8) NBCFDC ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതിയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയക്കൂട്ടങ്ങളിലും 75% അംഗങ്ങളെങ്കിലും മറ്റ് പിന്നോക്ക (OBC) വിഭാഗത്തിൽപ്പെട്ട വരായിരിക്കണം. വായ്പാ വിതരണത്തിന് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിലും 75% മറ്റ് പിന്നോക്ക (OBC) വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. NMDFC ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതിയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75% അംഗങ്ങളെങ്കിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട

വരായിരിക്കണം. (ക്രിസ്ത്യൻ/മുസ്ളിം/സിക്ക്/ബുദ്ധ/പാഴ്സി/ജൈന) അയൽക്കൂട്ടത്തിൽ നിന്നും വായ്പാ വിതരണത്തിന് തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിലും 75% എങ്കിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. എന്നാൽ NMDFC പദ്ധതി പ്രകാരം സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളിൽ പ്പെട്ടവർ (പട്ടികജാതി/പട്ടികവർഗ്ഗ/ OBC/വികലാംഗർ) കൂടുതലുള്ള അയൽക്കൂ ട്ടങ്ങളിലെ ആകെ അംഗങ്ങളിലും വായ്പയ്ക്കായി തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിലും 60% എങ്കിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരാണെങ്കിൽ പരിഗണി ക്കാവുന്നതാണ്. എന്നാൽ ഇത്തരം അയൽക്കൂട്ടങ്ങളിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് പുറമേ പട്ടികജാതി/പട്ടികവർഗ്ഗ/OBC/വികലാംഗർ എന്നീ വിഭാഗത്തിൽപ്പെട്ട അംഗങ്ങൾ മാത്രമേ ഉണ്ടാകാൻ പാടുള്ളു. ഈ വ്യവസ്ഥകൾ JLG–യ്ക്കും ബാധകമാണ്.

9) NBCFDC പദ്ധതി പ്രകാരം ഗ്രാമപ്രദേശങ്ങളിൽ 98,000/– രൂപയിൽ താഴെയും, നഗരപ്രദേശങ്ങളിൽ 1,20,000/– രൂപയിൽ താഴെയും കുടുംബ വാർഷിക വരുമാനമുള്ള വ്യക്തികൾക്ക് മാത്രമെ വായ്പ അനുവദിക്കാനാവുകയുള്ളു. NMDFC പദ്ധതി പ്രകാരം ഗ്രാമപ്രദേശങ്ങളിൽ 81,000/– രൂപയിൽ താഴെയും, നഗരപ്രദേശങ്ങളിൽ 1,03,000/– രൂപയിൽ താഴെയും കുടുംബ വാർഷിക വരുമാനമുള്ള വ്യക്തികൾക്ക് മാത്രമെ വായ്പ അനുവദിക്കാനാവുകയുള്ളു.

10) വരുമാനദായകമായ ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിന്/നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിന് വായ്പാ തുക വിനിയോഗിക്കേണ്ടതാണ്. പരമാവധി ഗുണഭോക്തൃ വിഹിതം 10% ആണ്. ഗുണഭോക്തൃ വിഹിതം വ്യക്തിഗത ഗുണഭോക്താവ് നേരിട്ട് ചെലവഴിച്ചാൽ മതിയാകും.

11) സി.ഡി.എസ്.കൾ പ്രാഥമിക അപേക്ഷ 2016 ഡിസംബർ 31 നകം പൂരിപ്പിച്ച് അതാത് ജില്ലാ / ഉപജില്ലാ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

12) വിശദമായ അപേക്ഷ കോർപ്പറേഷന്റെ www.ksbcdconline.org എന്ന വെബ്സൈറ്റ് വഴി സമർപ്പിക്കേണ്ടതാണ്.

13) പ്രാഥമിക അപേക്ഷ പരിഗണിച്ച് അർഹരായ സി.ഡി.എസ്സുകളുടെ ഭാരവാഹികളെ തുടർ പ്രക്രിയ സംബന്ധിച്ച വിശദാംശങ്ങൾ ബോധ്യപ്പെടുത്തുന്നതിന് മേഖലാതലത്തിൽ സംഘടിപ്പിക്കുന്ന ശിൽപ്പശാലയിലേയ്ക്ക് ക്ഷണിക്കുന്നതാണ്. ശിൽപ്പശാലയിൽ വച്ച് അപേക്ഷ സമർപ്പിക്കുന്നതിന് ആവശ്യമായ User Name, Password എന്നിവയും കൈമാറുന്നതാണ്.

14) സി.ഡി.എസ്സ് / JLG പദ്ധതി മാനദണ്ഡങ്ങൾക്ക് അനുസൃതമായി വായ്പ നൽകാൻ അർഹമായ അയൽക്കൂട്ടങ്ങളെ തെരഞ്ഞെടുക്കേണ്ടതും അയൽക്കൂട്ടങ്ങൾ ഇതേ മാതൃകയിൽ വായ്പ നൽകാൻ ഉദ്ദേശിക്കുന്ന അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടതുമാണ്.

15) തുടർന്ന് വിശദമായ അപേക്ഷ വെബ്സൈറ്റിൽ 2017 ജനുവരി 31 നകം സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പണ ഘട്ടത്തിൽ തന്നെ മിച്ച സമ്പാദ്യം, അർഹത, മതം, ജാതി, വാർഷിക വരുമാനം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വായ്പാ അർഹത പരിശോധിക്കുന്നതാണ്.

16) വിശദമായ അപേക്ഷ സമർപ്പിച്ച ശേഷം അസൽ അപേക്ഷ മെമ്പർ സെക്രട്ടറി, ചെയർപേഴ്സൺ എന്നിവരുടെ ഒപ്പ് സഹിതം 2017 ഫെബ്രുവരി 5–ാം തീയതിയ്ക്കകം ഓഫീസിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്.

17) വിശദമായ അപേക്ഷ പരിശോധിച്ച് കോർപ്പറേഷൻ പ്രാഥമിക അംഗീകാരം നൽകുന്നതാണ്.

18) പ്രാഥമിക അംഗീകാരം ലഭിച്ചാൽ ഉടനെ സി.ഡി.എസ്സുകൾ വായ്പയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ അയൽക്കൂട്ടങ്ങളിൽ നിന്നും നിർദ്ദിഷ്ഠ മാതൃകയിൽ വായ്പാ അപേക്ഷ വാങ്ങിക്കേണ്ടതും, അവ പരിഗണിച്ച് അനുവദിക്കുന്ന തുക രേഖപ്പെടുത്തി അനുമതി നൽകേണ്ടതുമാണ്. അതുപോലെ തന്നെ അയൽക്കൂട്ടങ്ങൾ വായ്പയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളിൽ നിന്നും നിർദ്ദിഷ്ഠമാതൃകയിൽ വായ്പ അപേക്ഷ വാങ്ങിക്കേണ്ടതും, അവ പരിഗണിച്ച് അനുവദിക്കുന്ന തുക രേഖപ്പെടുത്തി അനുമതി നൽകേണ്ടതുമാണ്. ടി രേഖകൾ സി.ഡി.എസ്സ്. സൂക്ഷിക്കേണ്ടതും ഏത് ഘട്ടത്തിലും കോർപ്പറേഷൻ ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

19) പ്രാഥമിക അംഗീകാരം ലഭിച്ച് 10 ദിവസത്തിനകം ചുവടെ ചേർക്കുന്ന രേഖകൾ കൂടി ഹാജരാക്കേണ്ടതാണ്. അപേക്ഷ പരിശോധിച്ച് പദ്ധതി നിബന്ധനകൾക്ക് അനുസൃതമല്ലെങ്കിൽ ഭേദഗതി ചെയ്യാൻ ആവശ്യപ്പെടുന്നതാണ്.

- **കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ ശുപാർശ (നിശ്ചിത ഫോർമാറ്റിൽ (MC-4)**
- **കഴിഞ്ഞ 3 സാമ്പത്തിക വർഷത്തെ ആഡിറ്റഡ് അക്കൗണ്ട്സ്, ബാലൻസ് ഷീറ്റ്, ആന്വൽ റിപ്പോർട്ട്**
- **സി.ഡി.എസ്. ജനറൽ ബോഡി / എക്സിക്യൂട്ടീവ് മൈക്രോ ക്രെഡിറ്റ് വായ്പ എടുക്കുന്നതിന് കൈക്കൊണ്ട തീരുമാനത്തിന്റെ മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്.**
- **രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്.**
- **ചെയർപേഴ്സന്റെ ബയോ ഡാറ്റാ**
- **കമ്മറ്റി ഭാരവാഹികളുടെ പേരും, തസ്തികയും, വിലാസവും. (MC-5)**
- **തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങളുടെ കഴിഞ്ഞ 3 സാമ്പത്തിക വർഷത്തെ KAAS ആഡിറ്റ് റിപ്പോർട്ട്.**
- **അയൽക്കൂട്ടം സി.ഡി.എസ്.ൽ നിന്നും വായ്പ എടുക്കുന്നതിന് കൈക്കൊണ്ട തീരുമാനത്തിന്റെ സി.ഡി.എസ്. ചെയർപേഴ്സൺ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.**
- **അയൽക്കൂട്ടങ്ങളുടെ ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ്.**

- ❖ **തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് വായ്പ ലഭിച്ചിട്ടുണ്ടെങ്കിൽ അവയുടെ തിരിച്ചടവ് സംബന്ധിച്ച് ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള റിപ്പോർട്ട്.**
- ❖ **തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങളിലെ അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ / നിശ്ചിത പെർഫോർമയിൽ (MC-6)**
- ❖ **നിർദ്ദഷ്ഠ ഗ്രേഡിംഗ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ അയൽക്കൂട്ടങ്ങളെ വിലയിരുത്തിയ റിപ്പോർട്ട് (MC-7A), നിർദ്ദിഷ്ഠഫോറത്തിൽ JLG കളുടെ പ്രവർത്തനം വിലയിരുത്തിയ റിപ്പോർട്ട് (MC-7B)**
- ❖ **മിച്ച സമ്പാദ്യം പരിശോധിക്കുന്നതിന് സമ്പാദ്യ രജിസ്റ്ററിന്റെ സി.ഡി.എസ്സ്. ചെയർപേഴ്സൺ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.**

20) സമർപ്പിക്കപ്പെട്ട രേഖകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം വായ്പ വിതരണ ഉത്തരവ് നൽകുന്നതാണ്. വായ്പാ അനുമതി ലഭിച്ച് കഴിഞ്ഞാൽ ഗുണഭോക്തൃ പട്ടിക ഭേദഗതി ചെയ്യാൻ അനുവദിക്കുന്നതല്ല.

21) സി.ഡി.എസ്. തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങളിലെ അംഗങ്ങളുമായി നിശ്ചിത ഫോർമാറ്റിൽ ഇന്റർ സെ കരാറിൽ ഏർപ്പെടേണ്ടതും ആയത് കോർപ്പറേഷന്റെ ആഫീസിൽ വായ്പാ കരാറിൽ ഏർപ്പെടുന്നതിന് മുൻപ് ഹാജരാക്കേണ്ടതുമാണ്.

22) വായ്പാ കരാറിൽ ഏർപ്പെട്ട ശേഷം സി.ഡി.എസ്.ന് വായ്പാ തുക സി.ഡി.എസ്സ്–ന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നതാണ്. സി.ഡി.എസ്സ്. 15 ദിവസത്തിനകം വായ്പാ തുക അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകേണ്ടതാണ്. അയൽക്കൂട്ടങ്ങൾ 15 ദിവസത്തിനകം വ്യക്തിഗത ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യേണ്ടതുമാണ്.

23) സി.ഡി.എസ്സ്./അയൽക്കൂട്ടം/JLG എന്നിവർ വായ്പാ വിതരണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, വായ്പാ വിതരണം, തിരിച്ചടവ് തുടങ്ങിയ മുഴുവൻ വിശദാംശങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

24) വ്യക്തിഗത ഗുണഭോക്താക്കൾക്ക് വായ്പാ വിതരണം ചെയ്ത് 15 ദിവസത്തിനകം നിർദ്ദിഷ്ഠ മാതൃകയിൽ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.

25) സി.ഡി.എസ്സ്–ന് തുക ലഭിച്ച് 15 ദിവസത്തിനകം വിനിയോഗിക്കാത്ത തുക സി.ഡി.എസ്സ്. 8% പലിശ സഹിതം ടി സമയപരിധിയ്ക്ക് ശേഷം 15 ദിവസത്തിനകം കോർപ്പറേഷനിൽ തിരിച്ചടയ്ക്കേണ്ടതാണ്.

26) പദ്ധതിയുടെ ഏത് ഘട്ടത്തിലും കോർപ്പറേഷന്റെ/ദേശീയ ഏജൻസികുടെ ഉദ്യോഗസ്ഥർക്കോ അല്ലെങ്കിൽ ഇതിനായി നിയോഗിക്കുന്ന ഏജൻസികൾക്കോ ആവശ്യമായ രേഖകൾ പരിശോധിക്കുന്നതിനും ഗുണഭോക്താക്കളെ നേരിൽകണ്ട് വായ്പാ വിനിയോഗം പരിശോധിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

**27) കെ.എസ്.ബി.സി.ഡി.സി നൽകുന്ന മൈക്രോ ക്രെഡിറ്റ് വായ്പ, പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം വിനിയോഗിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങൾ, വ്യക്തിഗത ഗുണഭോക്താക്കൾ എന്നിവരുടെ അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും സി.ഡി.എസ്.-ന്റെ ബാധ്യതയാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിച്ചതായി ബോധ്യ**

പ്പെട്ടാൽ വായ്പയുടെ ദുർവിനിയോഗമായി കണക്കാക്കുന്നതും, ദുർവിനിയോഗപ്പെട്ട തുക വായ്പ അനുവദിക്കപ്പെട്ട തീയതി മുതൽ പ്രാബല്യത്തോടെ 12% പിഴപ്പലിശയോടു കൂടി തിരിച്ചടക്കുവാൻ ആവശ്യപ്പെടുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. തുക ഒന്നിച്ചോ ഗഡുക്കളായോ തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെടുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. ആവശ്യമാണെന്ന് കാണുന്ന പക്ഷം നിയമ നടപടികൾ സ്വീകരിക്കുന്നതിനും കോർപ്പറേഷന് അധികാരമുണ്ടായിരിക്കും.

**28)** വായ്പാ തുകയുടെ 0.25% പ്രോസസിംഗ് ഫീസായി ഈടാക്കുന്നതാണ്. എന്നാൽ പരമാവധി പ്രോസസിംഗ് ഫീസ് 5000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഒരു സി.ഡി.എസ്-ന് ഒന്നിലേറെ ഫണ്ടുകളിൽ നിന്നും ഒരേ ദിവസം വായ്പ അനുവദിക്കുമ്പോൾ ആകെ അനുവദിക്കുന്ന വായ്പാ തുകയുടെ അടിസ്ഥാനത്തിൽ പ്രോസസിംഗ് ഫീസ് കണക്കാക്കുന്നതാണ്. വായ്പാ കരാറിൽ ഏർപ്പെടുന്നതിന് മുൻപ് പ്രോസസിംഗ് ഫീസും അപേക്ഷ ഫോറത്തിന്റെ വിലയായി 100 രൂപയും ഒടുക്കേണ്ടതാണ്.

## മൈക്രോ ക്രെഡിറ്റ് വായ്പക്കുള്ള പ്രാരംഭ അപേക്ഷാ ഫാറം

1) സി.ഡി.എസ്.-ന്റെ പേര് :

2) മേൽവിലാസം :

3) ജില്ല :

4) ഫോൺ നമ്പർ :

5) ഇ-മെയിൽ വിലാസം :

6) സി.ഡി.എസ്-ന്റെ രജിസ്ട്രേഷൻ നമ്പർ :
തീയതി

7) ചെയർ പേഴ്സന്റെ പേര്, :
മൊബൈൽ നമ്പർ :

8) അയൽക്കൂട്ടങ്ങളുടെ പ്രവർത്തന കാലയളവ്

| പ്രവർത്തന കാലയളവ് | അയൽക്കൂട്ടങ്ങളുടെ എണ്ണം |
|---|---|
| ഒരു വർഷം വരെ | |
| ഒരു വർഷത്തിനു മുകളിൽ | |
| ആകെ | |

09) സി.ഡി.എസ്. കഴിഞ്ഞ മൂന്നു വർഷങ്ങളായി നടപ്പിലാക്കിയിട്ടുള്ള സൂമൂഹ്യ സാമ്പത്തിക വികസന പരിപാടികളുടെ വിശദ വിവരങ്ങൾ

| വർഷം | പരിപാടിയുടെ പേര് | ധനസഹായം നൽകിയ സ്ഥാപനത്തിന്റെ പേര് | ലഭിച്ച തുക | നേട്ടം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

10) മൈക്രോ ക്രെഡിറ്റ് പദ്ധതി നിർവ്വഹണത്തിലുള്ള മുൻ പരിചയം

| വർഷം | അയൽക്കൂട്ട ങ്ങളുടെ എണ്ണം | ആകെ ലഭിച്ച ധനസഹായം | നടപ്പിലാക്കിയ പദ്ധതി | തിരിച്ചടവിലുള്ള കുടിശ്ശിക |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

11) ബാലൻസ് ഷീറ്റ് പ്രകാരമുള്ള സി.ഡി.എസ്.-ന്റെ സാമ്പത്തിക നില

| സാമ്പത്തിക വർഷം | വർഷം 1 | വർഷം 2 | വർഷം 3 |
|---|---|---|---|
| | 2013–14 | 2014–15 | 2015–16 |
| (i) സ്ഥിരം ആസ്തി | | | |
| (ii) കറന്റ് ആസ്തി | | | |
| (iii) വായ്പകൾ | | | |
| (iv) മറ്റ് ബാധ്യതകൾ | | | |

12) അപേക്ഷിക്കുന്ന വായ്പാ തുക : ____________________________

**<u>സാക്ഷ്യപത്രം</u>**

ഈ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ സത്യവും വസ്തുതാപരവുമാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. വായ്പാ വിതരണത്തിന് അർഹമായ അയൽക്കൂട്ടങ്ങ ളുടെയും, വ്യക്തിഗത ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ, 2017 ജനുവരി 31 നകം കോർപ്പറേഷന്റെ വെബ്സൈറ്റിൽ സമർപ്പിക്കുന്നതാണ്. ആവശ്യമായ മറ്റു രേഖകൾ സഹിതം ഇവ 2017 ഫെബ്രുവരി 05 നകം കോർപ്പറേഷന്റെ ഓഫീസിൽ നേരിട്ട് സമർപ്പിക്കുന്നതാണ്.

മെമ്പർ സെക്രട്ടറി ചെയർപേഴ്സൺ

സ്ഥലം :
തീയതി :